(എ) സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ സബ്സെന്റർ കേരളത്തിൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെന്ന് പറയുമോ;

(ബി) ഇതിന് എത്ര സ്ഥലമാണ് 'സായ്' ആവശ്യപ്പെടുന്നത്; ആവശ്യമായ സ്ഥലം നൽകാൻ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ഭൂമി കണ്ടെത്തിയത് എന്നറിയിക്കുമോ;

(സി) എൽ. എൻ. സി. പി. ഇ.-യെ അപ്ഗ്രേഡ് ചെയ്ത് സബ്സെന്റർ ആക്കുമോ; എങ്കിൽ അതിനുള്ള കാലതാമസം എന്തെന്ന് പറയുമോ;

(ഡി) നാഷണൽ ഗെയിംസ് നടക്കുവാൻ പോകുന്ന സാഹചര്യത്തിൽ കേരളത്തിലെ കായികതാരങ്ങൾക്ക് സബ്സെന്റർ ഉണ്ടാകുന്നതോടുകൂടി കൂടുതൽ പ്രയോജനം ഉണ്ടാകുമോ?

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) & (ബി) ഇല്ല. എന്നാൽ ഇതുസംബന്ധിച്ച് ഒരു നിർദ്ദേശം ഉണ്ടാവുകയും സായിയുടെ ഒരു ഉന്നതാധികാര സമിതി 2009 ഏപ്രിൽ മാസത്തിൽ കേരളം സന്ദർശിക്കുകയും ഇപ്പോൾ എൽ. എൻ. സി. പി. ഇ. സ്ഥിതിചെയ്യുന്ന സ്ഥലത്തിന് സമീപത്തായി ഏറ്റവും കുറഞ്ഞത് 20 ഏക്കർ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ സായിയുടെ സബ് സെന്റർ അവിടെ തുടങ്ങുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു.

(സി) എൽ. എൻ. സി. പി. ഇ.-യെ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഡി) ഉണ്ടാകും.

## ആരോഗ്യ കുടുംബക്ഷേമ പ്രവർത്തന രംഗത്ത് കൈവരിച്ച നേട്ടം

14. [*672] ശ്രീ. ടി. പി. കുഞ്ഞുണ്ണി:
,, എം. കെ. പുരുഷോത്തമൻ:
,, മുരളി പെരുനെല്ലി:
,, വി. ചെന്താമരാക്ഷൻ:
,, എ. എം. ആരിഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തന രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷക്കാലം എത്ര പേർ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ ഏതെല്ലാം ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ആരോഗ്യ കുടുംബക്ഷേമ രംഗത്ത് കേരളം മികച്ച നേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. ഇത് വിവിധ ആരോഗ്യ സൂചികകളിലൂടെ വ്യക്തമാണ്. ആരോഗ്യ സൂചികകൾ താഴെ പറയും പ്രകാരമാണ്:

| ക്രമ നമ്പർ | ആരോഗ്യ സൂചികകൾ | അഖിലേന്ത്യാ ശരാശരി | |
|---|---|---|---|
| | | കേരളം | ഇന്ത്യ |
| 1 | ബർത്ത് റേറ്റ് | 14.70 | 23.10 |
| 2 | ഡെത്ത് റേറ്റ് | 6.80 | 7.40 |
| 3 | നാച്യൂറൽ ഗ്രോത്ത് റേറ്റ് | 7.90 | 15.70 |
| 4 | ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് | 13.00 | 55.00 |
| 5 | നിയോനാറ്റൽ മോർട്ടാലി റേറ്റ് | 8.50 | 47.00 |
| 6 | സ്റ്റിൽ ബർത്ത് റേറ്റ് | 7.00 | 9.00 |
| 7 | ടോട്ടൽ മോർട്ടാലിറ്റി റേറ്റ് | 1.70 | 2.70 |
| 8 | കപ്പിൾ പ്രൊട്ടക്ഷൻ റേറ്റ് | 62.30 | 52.00 |
| 9 | മറ്റേണൽ മോൽട്ടാലിറ്റി റേറ്റ് | 95.00 | 254.00 |

(അവലംബം സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എം. എം. ആർ.)

അനീമിയ (സ്ത്രീകൾ)

| | | |
|---|---|---|
| (15-45 വയസ്സ്) | | |
| അവിവാഹിതർ | 32.80 | 55.30 |
| ഗർഭിണികൾ | 33.10 | 57.80 |

സജീവ ജനനം

| | |
|---|---|
| 2007-08 | 541263 |
| 2008-09 | 501534 |

മാതൃ മരണം

| | |
|---|---|
| 2007-08 | 172 |
| 2008-09 | 179 |

99.8% പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്നു.

(ബി) 2008-09 വർഷത്തിൽ ആകെ 130059 പേരും, 2007-08 വർഷത്തിൽ ആകെ 129889 പേരും വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## 'ഹാൻടെക്സ് നവീകരണം'

15. [*673] ശ്രീ. വി. ശശികുമാർ:
,, എസ്. രാജേന്ദ്രൻ:
,, കെ. സി. കുഞ്ഞിരാമൻ:
,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാൻടെക്സിൽ നടപ്പാക്കുന്ന നവീകരണ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നഷ്ടത്തിലുള്ള ഷോറൂമുകൾ ലാഭകരമാക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കൈത്തറി കയറ്റുമതി കുറഞ്ഞതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ഹാൻടെക്സിന്റെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി നൽകിയ സഹായം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) ഹാൻടെക്സിന്റെ വിൽപ്പന ശാലകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുമായി 2.4 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി. ഡി. എച്ച്. പി. വൈ. പ്രകാരം ഹാൻടെക്സിന് ലഭിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് 16 വിൽപ്പനശാലകൾ നവീകരിക്കാനാണ് പദ്ധതി. 4 വിൽപ്പനശാലകൾ നവീകരിച്ചുകഴിഞ്ഞു. ബാക്കി 12 എണ്ണം നവീകരിക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഹാൻടെക്സ് പ്രോസസ്സ് ഹൗസ് നവീകരിക്കുന്നതിനായി 1 കോടി രൂപയും ഹാൻടെക്സിന്റെ തിരുവനന്തപുരത്തുള്ള വീവറിയുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനായി 6.5 ലക്ഷം രൂപയും വടകര, തൃശൂർ, മൂന്നാർ എന്നീ സ്ഥലങ്ങളിൽ വിൽപ്പനശാലകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി 25 ലക്ഷം രൂപയും സംസ്ഥാന സർക്കാർ ഹാൻടെക്സിന് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹാൻടെക്സിന്റെ നഷ്ടത്തിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്ത്, നഷ്ടത്തിലാകുന്നതിന്റെ കാരണം വിലയിരുത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. ഓരോ പ്രദേശത്തേയും വിപണിക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ പ്രത്യേകമായി ഉൽപ്പാദിപ്പിച്ച് ആവശ്യമായ അളവിൽ ഈ വിൽപ്പനശാലകൾക്ക് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് പ്രാപ്തിയുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly